ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ സൗകര്യം മുൻനിർത്തി വിസ്തൃതിയും ജനസംഖ്യയും കൂടുതലുള്ള പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുമെന്ന് വെളിപ്പെടുത്തുമോ; എവിടെയെല്ലാം;

(സി) ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധനയിലാണ്.

(ബി)&(സി) തീരുമാനിച്ചിട്ടില്ല.

96 (598) ജനകീയാസൂത്രണ നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ

ശ്രീ. കെ. കുട്ടി അഹമ്മദു കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ നടത്തിപ്പിലുണ്ടായ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയെ സംബന്ധിച്ച എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) ഈ പരാതിയിൻമേൽ ഏതൊക്കെ തലത്തിൽ അന്വേഷണം നടത്തി; ഇവയിൽ എത്ര കേസുകൾ വിജിലൻസ് അന്വേഷിക്കുന്നുണ്ട്;

(സി) അന്വേഷണത്തിൽ പരാതി ശരിയാണെന്ന് എത്ര കേസുകളിൽ കണ്ടെത്തി; ഇതിൻ പ്രകാരം എത്ര പഞ്ചായത്തു പ്രസിഡന്റുമാർ മുനിസിപ്പൽ ഭാരവാഹികൾ, സെക്രട്ടറിമാർ എന്നിവർക്കെതിരെ നടപടിയെടുത്തു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) നഗരസഭകളിലേയും ത്രിതല പഞ്ചായത്തുകളിലേയും ജനകീയാസൂത്രണ നടത്തിപ്പു സംബന്ധിച്ച പരാതികൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. ഉയർന്ന ഉദ്യോഗസ്ഥൻമാരടക്കമുള്ള ചില ജീവനക്കാരുടെ പേരിൽ ഇതിനകം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്കെതിരെയുള്ള പരാതികളിലും നടപടി സ്വീകരിച്ചു വരുന്നു. ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയ പല കേസുകളും വിശദ അന്വേഷണത്തിനായി വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചത് കൃത്യമായ കണക്കുകൾ തിട്ടപ്പെടുത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly